# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.2/ 104/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി.2/ 104/23 തീയ്യതി: 23/02/2023

## കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 08-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 09-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ദിശ.ആർ. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ
ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മേഴ്സി പുളിക്കാട്ട് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബിബിൻ ജോസഫ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മനോജ് ടി | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| അഷ്റഫ് കല്ലടയിൽ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| രാജശ്രീ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| റെജി മോൾ ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ ലിറ്റി മാത്യൂ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഉദയ കെ ജോയ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| റുബീന പി വി | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| റൈഷ സി എം | വി.ഇ.ഒ | 01-04-2021 | 09-08-2021 |
| ഗോകുൽ പ്രസാദ്.എം | വി.ഇ.ഒ | 11-11-2021 | 31-03-2022 |
| ഡോ അബ്ദുൽ ജലീൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 29-06-2021 |
| ഡോ സിൽവിയ വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 30-06-2021 | 05-07-2021 |
| ഡോ നിഖില കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 06-07-2021 | 31-03-2022 |
| ഡോ മുബഷിറ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.എസ് | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| മെർലിൻ അലക്സ് | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഗോകുലൻ കെ.എം | മെഡിക്കൽ ഓഫീസർ(ആയുർവ്വോം) | 01-04-2021 | 31-05-2021 |
| ഡോ.കേശിനി വി.കെ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-06-2021 | 30-06-2021 |
| ഡോ.സൂരജ് എസ്.എൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | അധിക നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല | 1-9 |
| 10 | അനധികൃത നിർമ്മാണം- തുടർനടപടികൾ അറിയിക്കുന്നത്- സംബന്ധിച്ച് | 1-10 |
| 11 | തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല. | 1-11 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-12 |
| 13 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോംവർക്കിന് തുക നൽകിയതിനാൽ അധിക ചെലവ് | 1-13 |
| 14 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ഉപപദ്ധതി തയ്യാറാക്കിയില്ല- അനുവദനീയമല്ലാത്ത മേഖലയിൽ ടൈഡ് ഗ്രാന്റ് വിനിയോഗിച്ചു | 1-14 |
| 15 | കുടിവെള്ള വിതരണം -ഗുണനിലവാരമില്ലാത്ത വെള്ളം വിതരണം ചെയ്തു. | 1-15 |
| 16 | ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-16 |
| 17 | വ്യത്യസ്ത റോഡ് പ്രവൃത്തികൾക്ക് ഒരേ എസ്റ്റിമേറ്റ് | 1-17 |
| 18 | മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിച്ചു - പഞ്ചായത്തിന് അധിക ചെലവിനു കാരണമായി | 1-18 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 20 | ജാഗ്രതാസമിതി കൗൺസിലർക്ക് ഹോണറേറിയം നൽകൽ .പദ്ധതിനടപ്പിലെ അപാകതകൾ | 1-20 |
| 21 | വീട് വാസയോഗ്യമാക്കൽ - പ്രവർത്തി പൂർത്തീകരിച്ചില്ല. | 1-21 |
| 22 | സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ | 1-22 |
| 23 | പ്രവൃത്തിയുടെ സ്വഭാവം മുഴുവനായി മാറ്റിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രവൃത്തി നടത്തി | 1-23 |
| 24 | പോഷകാഹാരവിതരണം .മോണിറ്ററിംഗ് ഫലപ്രദമല്ല. | 1-24 |
| 25 | കാർഷിക വിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മാണം | 1-25 |
| 26 | ശിശുസൗഹൃത അങ്കൺവാടികൾ - പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-26 |

| | | |
|---|---|---|
| ഭാഗം **2** | | |
| 1 | അധിക നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോംവർക്കിന് തുക നൽകിയതിനാൽ അധിക ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

തിരുവമ്പാടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.2.21 തിയ്യതിയിലെ 1/2 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. പുതുക്കിയ ബജറ്റ് 22.2.21 ലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ച

| | |
|---|---|
| മുന്നിരിപ്പ് | 4152463 |
| വരവ് | 207565000 |
| ചെലവ് | 207605100 |
| നീക്കിയിരിപ്പ് | 4112363 |

തൻവർഷത്തെ ബജറ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ് വ്യതിയാനങ്ങൾ സംബന്ധിച്ച്

ബജറ്റ് പ്രൊവിഷൻ അധികരിച്ച ചെലവ് ചെയ്തത് പോലെ വളരെ കുറഞ്ഞ വരവ്/ചെലവുകളും ഉണ്ടായിട്ടുണ്ട്. കൃത്യതയില്ലായ്മ വെളിവാക്കുന്ന ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | 110 | 11000000 | 9800000 | 8998520 |
| 2 | 130 | 648000 | 555000 | 286842 |
| 4 | 210 | 14095000 | 13525000 | 16068720 |
| 5 | 220 | 2276000 | 1968500 | 1621799 |
| 6 | 230 | 2080000 | 11973000 | 12473027 |
| 7 | 251 | 67400000 | 96878690 | 36100370 |
| 8 | 252 | 2050000 | 1805798 | 12813161 |
| 9 | 253 | 3000000 | 1452360 | 24771873 |

എസ്റ്റിമേറ്റിലെ കൃത്യതയില്ലായ്മയാണ് ഇതിൽനിന്നും വ്യക്തമാകുന്നത് .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. 1.1.2021 ന് 2021-22 വർഷത്തേയ്ക്കുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പ്രൊപ്പോസൽ ആവശ്യപ്പെട്ടെങ്കിലും ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ(ആയുർവ്വേദം), ഹോമിയോ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ മാത്രമാണ് ആയത് ലഭ്യമാക്കിയത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രപ്പോസലുകളൊന്നും ബജറ്റ് ഫയലിൽ ലഭ്യമല്ല.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

ഭരണസമിതിയുടെ 10/08/2022 ലെ 3(3) -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1.വാർഷിക കണക്ക് B 17 പ്രകാരം Nationalised Bank Account Of Own Revenue Fund അക്കൗണ്ടിൽ 383863/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. പ്രസ്തുത നീക്കിയിരിപ്പ് പരിശോധിക്കുന്നതിന് ആവശ്യമായ റിക്കൺസീലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല.

2. ഓഡിറ്റിന് സമർപ്പിച്ച 2021 - 22 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62).

3. ആസ്തികളുടെ കാൽക്കുലേഷൻ ഷീറ്റും ഡിപ്രീസിയേഷന്റെ കാൽക്കുലേഷൻ ഷീറ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ഐ - 17(A) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ ഡിപ്രീസിയേഷൻ തുകയുടെ (₹ 1,28,51,343/-) കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല . വാർഷിക കണക്ക് B 11 (Other Fixed Asset എന്ന ഹെഡിൽ) ഷെഡ്യൂൾ പ്രകാരം സ്ഥിര ആസ്തിയുടെ മൂല്യം 31.03.2021 ലും ,31.03.2022 ലും 33250/രൂപയാണ്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ILGMS ലേക്ക് മാറിയ തിയ്യതിയിൽ Opening Balance 61438416 രൂപ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വർഷാവസാനം ആയപ്പോൾ മൂല്യം 33250 രൂപയായതെങ്ങനെയെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

5.വാർഷിക കണക്ക് B 17 പ്രകാരം TSB Joint Venture അക്കൗണ്ടിൽ ( 799011400001153) 6915 രൂപ നീക്കിയിരിപ്പ് ഉണ്ട്. സംയുക്ത ഫണ്ടിനായുള്ള എ.സി.ആർ പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടിൽ വരവ് വന്ന 1415/- രൂപയും(EPOC Clearance Bill 26.8.21), 5500/-രൂപയും (EPOC Clearance Bill 19.1.22 ) കൂടിയുള്ള ആകെത്തുകയാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത് എന്ന് കാണുന്നു. മേൽ തുക ഏതിനത്തിൽ ലഭ്യമായ തുകയാണെന്ന് വ്യക്തമല്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| TSCB Own Fund(201000761) | 22100537 | 8462/30.7.21 | 283 |
| | 22100737 | 84212/20.10.21 | 1501 |

7. 2020-21 വർഷത്തെ ബാലൻസ് തുകയും (B-17) നം 2021-22 വർഷത്തെ (RP-40(a) മുൻബാക്കിയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | 2020-21 വർഷത്തെ ബാലൻസ് തുകയും ( B-17) | 2021- 22 വർഷത്തെ (RP – 40 (A) | വ്യത്യാസം |
|---|---|---|---|
| TSCB Own Fund(201000761) | 2877369 | 2882369 | 5000 |

മുൻവർഷത്തെ നീക്കിബാക്കിയും, തൻവർഷത്തെ മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ്. മേൽ വ്യത്യാസം വർഷാവസാനത്തിലും(31.3.2022) തുടരുന്നു.

2020-21 ലെ വാർഷിക കണക്ക് ബി 7 പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ 94500/- യാണ് നീക്കിയിരിപ്പ്. എന്നാൽ 2021-22 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം പ്രസ്തുത ഇനത്തിലെ മുന്നിരിപ്പ് 99500(128500-29000) രൂപയാണ്.

8. KDC Bank ജൽജീവൻ അക്കൗണ്ടിൽ(10054120122001) വാർഷിക കണക്ക് ബി 17 പ്രകാരം 145320 രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ യഥാർത്ഥത്തിൽ പ്രസ്തുത അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക ഇല്ല . മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത സംബന്ധിച്ച പരാമർശിച്ചിരുന്നെങ്കിലും ആയത് നിലവിലും തുടരുന്നു.

9. എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ 2021-22 വർഷത്തെ യഥാർത്ഥ ചെലവ് തുക 33284466 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 24771873 രൂപയാണ് ചെലവ്. (മെറ്റീരിയൽ ചെലവ് 8071593 രൂപ, 100 തൊഴിൽദിന ചെലവ് 441000 രൂപ എന്നിവയുടെ തുക ഉൾപ്പെടുത്തിയിട്ടില്ല).

10. തൻവർഷം വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ 120000 രൂപ ചെലവ് ഉണ്ട്. എന്നാൽ ഈ തുക വാർഷിക കണക്കിലെ I 6 ൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32229103 |
| വരവ് | 104746060 |
| ആകെ | 136975163 |
| ചെലവ് | 100770731 |
| നീക്കിയിരിപ്പ് | 36204432 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21769873 | 21769873 | 21768969 | 904 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3680886 | 3680886 | 3487220 | 193666 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 714400 | 714400 | 633000 | 81400 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 37061926 | 37061926 | 11559203 | 25502723 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 8783155 | 8783155 | 3306731 | 5476424 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank (ACR പ്രകാരം) | 0 | 5515879 | 4436000 | 3821821 | 614179 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant)treasury (ACR പ്രകാരം) | 0 | | 1079879 | 1062359 | 17520 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant)bank (ACR പ്രകാരം) | 0 | 11623998 | 6653000 | 2077973 | 4575027 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Treasury (ACR പ്രകാരം) | 0 | | 4970998 | 982436 | 3988562 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 23294374 | 23294374 | 23294374 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 0 | 1477499 | 1477499 | 1477499 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 1663999 | 1107653 | 2771652 | 1522214 | 1249438 |
| എം.പി ഫണ്ട് | 168690 | 4601 | 173291 | 0 | 173291 |
| ശുചിത്വം ടി.എസ്.സി | 170400 | 0 | 170400 | 0 | 170400 |
| പൈക്ക | 38752 | 1057 | 39809 | 0 | 39809 |
| വെസ്റ്റേൺഘട്ട് ഡവലപ്മെന്റ് പ്രോഗ്രാം | 956 | 28 | 984 | 0 | 984 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വമിഷൻ | 3704966 | 0 | 3704966 | 0 | 3704966 |
| സമ്പൂർണ്ണ ശുചിത്വം,മഴക്കാലപൂർവ്വ ശുചീകരണം | 675597 | 0 | 675597 | 0 | 675597 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് | 409682 | 0 | 409682 | 0 | 409682 |
| എസ് .ടി കോർപ്പസ് ഫണ്ട് | 7253 | 756106 | 763359 | 596106 | 167253 |
| ജോയിന്റ് വെഞ്ചർ (ബ്ലോക്ക് വിഹിതം) | 748248 | 6915 | 755163 | 748248 | 6915 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 209 | 151363667 | 125 | 77808577 | 84 | 60 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 8 | 7 | 5006373 | 3643766 | 72.78 |
| വെറ്ററിനറി സർജൻ | 7 | 7 | 4626098 | 3101098 | 67.03 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 6 | 6 | 3002000 | 2849915 | 94.93 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 731015 | 729958 | 99.86 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 1029000 | 274240 | 26.65 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20 | 15 | 37409236 | 14945654 | 39.95 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 7300647 | 6858830 | 93.95 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 107 | 39 | 72809197 | 30536037 | 41.94 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 5186197 | 4669423 | 90.04 |
| സെക്രട്ടറി | 35 | 26 | 11453714 | 7516228 | 65.62 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 1790370 | 1759708 | 98.29 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1019820 | 923720 | 90.58 |
| | 209 | 125 | 151363667 | 77808577 | 51.41 |

ഡി.പി.സി. അംഗീകാരം ലഭിച്ച 209 പ്രൊജക്ടുകളിൽ 125 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 151363667/-രൂപ വകയിരുത്തിയതിൽ 77808577/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 7799747/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.

ഡി.പി.സി.അംഗീകാരം ലഭിച്ച 107 മരാമത്ത് പ്രൊജക്ടുകളിൽ 68 പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. വിവിധ ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് ആകെ 72809197/- രൂപ വകയിരുത്തിയതിൽ 30536037/-രൂപയാണ് 2021-22 വർഷത്തിൽ ചെലവഴിച്ചത്. അതായത് 41.94 ശതമാനം തുക മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളു.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023 ന് 03.30 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 81924/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവ് പ്രകാരം കൃത്യമായ ജോലി വിഭജനത്തിന്റെ

അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2021-22 വർഷത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

രജിസ്റ്റർ,ഫയൽ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. തെരുവ് വിളക്കുകളുടെ പരാതി/പരിപാലനം, എണ്ണം, സ്ഥലം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം, തെരുവ് വിളക്ക് സംബന്ധിച്ച ഫയലുകളിലെ നോട്ട് എഴുത്ത് തൃപ്തികരമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11851700 | 592 |
| വിധവാപെൻഷൻ | 19406500 | 1022 |
| വാർദ്ധക്യകാലപെൻഷൻ | 33327400 | 1776 |
| വികലാംഗപെൻഷൻ | 5697100 | 306 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1070400 | 61 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-9 അധിക നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വാർഡ് 13 ൽ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ.ജേക്കബ് സെബാസ്റ്റ്യൻ, മിനി ജോർജ്, ഷാജി എന്നിവർക്ക് ബി.എൽ 206/19-20 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. പ്രസ്തുത പെർമിറ്റ് പ്രകാരം ഗ്രൗണ്ട് ഫ്ലോർ 350.30 M2, ഒന്നാം നില 462.20 M2, രണ്ടാം നില 19.24 M2 എന്നിങ്ങനെ ആകെ 831.74 M2 വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് പെർമിറ്റ് അനുവദിച്ചത്. എന്നാൽ പൂർത്തീകരിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 317.15 M2, ഒന്നാം നില 396.07 M2, രണ്ടാം നില 277.61 M2 എന്നിങ്ങനെ ആകെ 990.83 M2 വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്. 159.09 M2 അധികനിർമ്മാണം നടത്തിയിട്ടുണ്ട് എന്ന് 10.9.21 ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധികനിർമ്മാണം ക്രമവൽക്കരിച്ച് (1591 രൂപ) നമ്പർ നൽകി നികുതി ചുമത്തുന്നതിന് വാർഡ് ക്ലർക്കിന് നൽകാവുന്നതാണെന്ന് 16.9.21 ന് സെക്ഷൻ ക്ലാർക്ക് കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് സെക്രട്ടറി നേരിട്ട് പരിശോധിക്കുന്നതാണെന്ന് രേഖപ്പെടുത്തുകയും 30.9.21 ന് ന് നേരിട്ട് പരിശോധിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം നമ്പർ നൽകുക എന്ന്

ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 597 A,B,C,D,E,F,G,H എന്നിങ്ങനെ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. 159.09 M2 വിസ്തീർണ്ണമുള്ള അധികനിർമ്മാണത്തിന് 159.09 X 20=3182 രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ അധികനിർമ്മാണത്തിന് നിയമാനുസൃതമായുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. അധികനിർമ്മാണത്തിന് ഫീസ് ഈടാക്കാത്തതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികനിർമ്മാണത്തിന് 3182 രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-10 അനധികൃത നിർമ്മാണം- തുടർനടപടികൾ അറിയിക്കുന്നത്- സംബന്ധിച്ച്

പഞ്ചായത്തിലെ പരാതി രജിസ്റ്റർ, പരാതി ഫയൽ എന്നിവ പരിശോധിച്ചതിൽ അനധികൃത നിർമ്മാണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഫയൽ നമ്പർ എ4-608/22

സെക്രട്ടറിയുടെ ഉത്തരവ് മാനിക്കാതെ സ്റ്റോപ്പ് മെമ്മോ നൽകിയ അനധികൃത കെട്ടിടത്തിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ.സത്യൻ.കെ.എ, കലയപ്പുറത്ത് വീട്, തൊണ്ടിമ്മൽ 4.2.22 ന് പരാതി സമർപ്പിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിലെ അനധികൃത നിർമ്മാണം പരിശോധിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫയൽ കൈമാറിയിട്ടുള്ളതായും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചീനീയർ സൈറ്റ് പരിശോധിച്ച് 5.2.22 ന് AE/LD&EW/ TDY/16/22 നമ്പർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. പരാതിക്കാരന്റെ വീടിന്റെ വടക്ക് ഭാഗത്ത് റോഡിനോട് ചേർന്ന് 1 സെന്റ് സ്ഥലത്ത് സ്രാമ്പിക്കൽ ചന്ദ്രൻ എന്നയാളുടെ ഒറ്റമുറി പീടിക കെട്ടിടത്തിന് നേരത്തെ നമ്പർ നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ സ്ഥലത്തിന്റെ മൂന്ന് അതിരുകൾ ചേർത്ത് ചുമർ കെട്ടി ഉയർത്തി ഒന്നാം നിലയും നിർമ്മാണം നടത്തിയതായി കാണുന്നു എന്നും ആയത് കെ.പി.ബി.ആർ ചട്ട വിരുദ്ധമായും അനുമതിയില്ലാതെയുമാണ് ചെയ്തിരിക്കുന്നത് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ അനധികൃത നിർമ്മാണം പൊളിച്ചു നീക്കുകയോ അധികൃതമാക്കുന്നത് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദാംശം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച FTE&OS ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണുന്നു.

| ക്രമ നം. ( FTE&OS ലൈസൻസ് രജിസ്റ്റർ) | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 34 | മലബാർ ബേക്സ് | 3 |
| 43 | നീതി മെഡിക്കൽസ്, തിരുവമ്പാടി | 3 |
| 137 | ക്ലൗഡ് ഡിജിറ്റൽ ഹബ് | 3 |
| 159 | മെറിഡിയൻ ട്രേഡ് | 10 |

| | | |
|---|---|---|
| | ലിങ്ക് | |
| 167 | ചാകര ഫിഷ് മാർക്കറ്റ് | 3 |
| 176 | മരിയാഞ്ചേരി കേശതൈലം | 4 |
| 187 | ഒലിവ് സൂപ്പർമാർക്കറ്റ്, തിരുവമ്പാടി | 5 |
| 198 | ഹിൽറാഞ്ചസ് റിസോർട്ട് | 3 |
| 214 | ആലിഫ് മാർക്കറ്റിംഗ്, തിരുവമ്പാടി | 3 |
| 223 | ബുള്ളറ്റ്, എക്സ്പോർട്ടിംഗ്, തൊണ്ടിമ്മൽ | 3 |
| 260 | ഒയാസിസ് മെഡികെയർ, തിരുവമ്പാടി | 8 |
| 305 | എം.എം.എച്ച്. ഹെൽത്ത് കെയർ, പുന്നക്കര | 3 |
| 371 | മാർവൽ എന്റർപ്രൈസസ് | 8 |
| 398 | ATMA പുന്നക്കൽ | 4 |
| 415 | ഡെയ് ലി ഫ്രൈഡ് | 4 |
| 461 | ഗോഡ് വിറ്റ് ബ്രിഗേഡ് LLP, തിരുവമ്പാടി | 6 |
| 470 | പ്രിയങ്ക ഡ്രൈവിംഗ് സ്കൂൾ | 3 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതായി കാണുന്നില്ല. പരാമർശിച്ചിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2021-22 വർഷത്തെ പരാതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതായി കാണുന്നു.

1. A4/83 നമ്പർ പരാതി പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പതിനാറാം വാർഡിൽ

സ്ഥിതിചെയ്യുന്ന A One Car Care എന്ന പെയിന്റിംഗ് സ്ഥാപനത്തിൽ നിന്നുള്ള മലിനീകരണം കാരണം സമീപവാസികൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നതായി പഞ്ചായത്തിന് പരാതി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ 19.01.22 ന് നടത്തിയ പരിശോധനയുടെ റിപ്പോർട്ടിൽ നിന്നും സ്ഥാപനം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. സ്ഥാപനം അടച്ചുപൂട്ടുന്നതിന് 20.01.22 ന് സെക്രട്ടറി നോട്ടീസ് നൽകിട്ടുള്ളതാണ്.

2. A4/5433 നമ്പർ പരാതി പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിൽ 193ാം നമ്പർ കെട്ടിടത്തിൽ സ്ഥിതിചെയ്യുന്ന അനുരാഗ് ഗ്യാസ് എജൻസീസ് എന്ന സ്ഥാപനം നെൽവയൽ തരംമാറ്റിയ, വീട് നിർമ്മിക്കുന്നതിന് കൈവശ സർട്ടിഫിക്കറ്റ് നൽകിയ ഭൂമിയിൽ ഗ്യാസ് ഗോഡൗൺ നിർമ്മിച്ച് പ്രവർത്തിച്ച് വരികയാണെന്നും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയിൽ പ്രവർത്തിക്കുന്ന ഗോഡൗണിന്റെ പ്രവർത്തനം അടിയന്തിരമായി നിർത്തിവയ്ക്കണമെന്നും അനധികൃതമായി നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സമീപവാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഗോഡൗണിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് 18.02.2020 തീയതിയിൽ കോഴിക്കോട് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് ഉത്തരവിട്ടിട്ടുള്ളതുമാണ്. 2020-21, 21-22 വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് അനുരാഗ് ഗ്യാസ് എജൻസീസിന്റെ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല എങ്കിലും സ്ഥാപനം പ്രവർത്തിച്ചിരുന്നു എന്നാണ് പരാതിയിൽ നിന്ന് വ്യക്തമാകുന്നത്.

മേൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

## 1-13 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോംവർക്കിന് തുക നൽകിയതിനാൽ അധിക ചെലവ്

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് ഡ്രൈനേജുകളുടെ പ്രവൃത്തികളിൽ ഡ്രൈനിന്റെ അടിയിൽ കോൺക്രീറ്റ് ബെഡ് നൽകുന്നതിനായി ഉൾപ്പെടുത്തിയത് മോർഡിലെ 11.4.1.1 എന്നയിനമാണ്. ഈയിനത്തിന്റെ വിശദമായ ഡാറ്റ പരിശോധിച്ചാൽ കോൺക്രീറ്റിനായി നൽകേണ്ടി വരുന്ന 4% ഫോം വർക്കിന്റെ തുക കൂടി ഉൾപ്പെട്ടതാണ് ഈയിനത്തിന്റെ നിരക്കെന്ന് കാണാം. ഓഡിറ്റ് വർഷം നടത്തിയ ഇത്തരം പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പരിശോധിച്ചതിൽ ഡ്രൈനിനായി മണ്ണെടുക്കുന്ന അതേ വീതിയിൽ തന്നെ കോൺക്രീറ്റ് ബെഡ് നൽകുകയാണ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാണ്. ഇത്തരത്തിൽ മണ്ണെടുത്ത അതേ വീതിയിൽ കോൺക്രീറ്റ് നൽകുമ്പോൾ ഫോം വർക്കിന്റെ ആവശ്യം ഉണ്ടാകുന്നില്ല. എന്നാൽ ഈ സാഹചര്യത്തിലും ഫോം വർക്കിനുള്ള തുക കൂടി കരാറുകാർക്ക് നൽകിയിരിക്കുന്നു. ഒരുദാഹരണം ചുവടെ കൊടുക്കുന്നു,

| പ്രോജക്ട് പേര്/നമ്പർ | എസ്റ്റിമേറ്റിലെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് 36.44%) | | ചെയ്ത അളവ്/നിരക്ക് | ഫോംവർക്ക് ഒഴിവാക്കി നൽകാവുന്ന തുക( 7540.1) | അധികം നൽകിയത് |
|---|---|---|---|---|---|
| പുല്ലുരാംപാറ കൊടക്കാട്ടുപാറ മേലെ പൊന്നാങ്കയം ആദിവാസി കോളനി റോഡ്, 291/22 | 7841.67 | 4567.18+182.69(4% Formwork)=4749.86 +10%OH+10%CP+ 36.44%Cost Index =7841.67 | $46m^3$ X6900(12.01%below)= 317400 | 6634.53(12.01% Of 7540.1)x46= 305188.38 | 12211.62/- |

മുകളിൽ വിവരിച്ച പ്രകാരം ചെയ്യാത്ത ഫോംവർക്കിന് തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ പ്രവൃത്തിയിൽ അധികമായി നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതും, ഈ വിധത്തിൽ മറ്റു പ്രവൃത്തികളിൽ അധികചെലവുണ്ടായിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം കോൺക്രീറ്റ് പ്രവൃത്തികൾക്കായി ഇനം തെരഞ്ഞെടുക്കുമ്പോൾ ആവശ്യകതയുള്ള അളവുകളിൽ മാത്രം ഫോംവർക്കിന് അധിക തുക ഉൾപ്പെടുത്തേണ്ടതും, അല്ലാത്തവയ്ക്ക് ഈ തുക ഒഴിവാക്കി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടത്തേണ്ടതുമാണ്.

1-14 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ഉപപദ്ധതി തയ്യാറാക്കിയില്ല- അനുവദനീയമല്ലാത്ത മേഖലയിൽ ടൈഡ് ഗ്രാന്റ് വിനിയോഗിച്ചു

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(അച്ചടി)നം. 103/2020/ത.സ്വ.ഭ.വ., തിയ്യതി 30.6.20 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഒരു ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്. ഉപപദ്ധതിയ്ക്ക് രണ്ടു ഭാഗങ്ങളുണ്ടായിരിക്കണം. ആദ്യഭാഗം ജലവും ശുചിത്വവുമായി ബന്ധപ്പെട്ട സേവനങ്ങളുടെ സമ്പൂർണ്ണത ലക്ഷ്യമിടുന്ന "ജല-ശുചിത്വ സേവനങ്ങൾക്കുള്ള പദ്ധതിയും", രണ്ടാം ഭാഗം "വികസനക്ഷേമപ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും". മേൽ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഉപപദ്ധതിയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമായില്ല. ആകെ ലഭിക്കുന്ന ഗ്രാന്റിന്റെ 60% വരുന്ന ടൈഡ് ഗ്രാന്റിൽ 50% വീതം ഉപയോഗപ്പെടുത്തേണ്ടത് താഴെ പറയുന്ന മേഖലകളിലാണ്,

- ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം, വെളിയിട വിസർജ്ജന വിമുക്തി സ്ഥിതി നിലനിർത്തുന്നതിനും, ODF + പദവി കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ
- കുടിവെള്ള പ്രോജക്ടുകൾ, മഴവെള്ളക്കൊയ്ത്ത്, ജലസംരക്ഷണവും ജനസ്രോതസ്സുകളുടെ പരിപോഷണവും, ജലാശയങ്ങളുടെ പുനരുജ്ജീവനം, ജലത്തിന്റെ പുനരുപയോഗവും പുന:ചംക്രമണവും

മേൽ മേഖലകളിൽ ഏതെങ്കിലും ഒരു മേഖലയിൽ 100% സമ്പൂർണ്ണത കൈവരിക്കുന്ന അവസ്ഥയിൽ മാത്രമാണ്, രണ്ടാമത്തെ മേഖലയ്ക്ക് 50% അധികമായി ഗ്രാന്റിന്റെ വിനിയോഗം സാധ്യമാകുക.

ഗ്രാമപഞ്ചായത്ത് ടൈഡ് ഗ്രാന്റ് വിനിയോഗിച്ച് ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം പരിശോധിച്ചതിൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി രണ്ടു റോഡുകളുടെ കാനനിർമ്മാണം നടത്തിയതായി കാണുന്നു.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പുല്ലൂരാംപാറ കൊടക്കാട്ടുപാറ മേലെപോന്നാങ്കയം ആദിവാസി കോളനി റോഡ്, 291/22 | 19,64,114/- | 17,27,973/- |
| 2 | പള്ളിപ്പടി നേതാജി റോഡ് ഡ്രൈനേജ് നിർമ്മാണം, 176/22 | 3,00,000/- | 1,91,568/- |

റോഡുകളുടെ ഗുണമേന്മ/ഈട് ഉറപ്പാക്കുന്നതിന് ഇൻഫ്രാസ്ട്രക്ച്ചറിന്റെ ഭാഗമായി നിർമ്മിക്കേണ്ടതാണ് റോഡിനോടു ചേർന്നുള്ള കാനകൾ. ഈ നിർമ്മാണത്തിന് നിയന്ത്രിത മേഖലയ്ക്കുപയോഗപ്പെടുത്താവുന്ന ടൈഡ് ഗ്രാന്റ് വിനിയോഗിച്ചതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഉപപദ്ധതി വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ടൈഡ് ഗ്രാന്റ് മേൽ നിർമ്മാണത്തിനുപയോഗപ്പെടുത്തിയ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്. അനുവദനീയമല്ലാത്ത മേഖലയിൽ ടൈഡ് ഗ്രാന്റിന്റെ വിനിയോഗം ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

1-15 കുടിവെള്ള വിതരണം -ഗുണനിലവാരമില്ലാത്ത വെള്ളം വിതരണം ചെയ്തു.

2021-22 വർഷത്തെ പ്രൊജക്ട് നമ്പർ 21 പ്രകാരം 752360/- രൂപ ചെലവഴിച്ച് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്.

തിരുവമ്പാടി എഫ്.എച്ച്.സി.യിലെ, ജെ.എച്ച്.ഐ ശേഖരിച്ച് പരിശോധനയ്ക്കായി നൽകിയ, ശ്രീ. ഷിജിമോൻ ജോസഫ് എന്ന കരാറുകാരന്റെ കുടിവെള്ള സ്രോതസ്സിലെ വെള്ളത്തിന്റെ ഗുണനിലവാര റിപ്പോർട്ട് പ്രകാരം "PH Of The Water Sample Is Lower Than The Acceptable Limit. Turbidity And Iron Content Of The Water Sample Is Higher Than The Acceptable Limit" എന്നാണ്.

കുടിവെള്ളം കുടിക്കുവാൻ അനുവദനീയമായ പരിധിയിൽപ്പെട്ടതല്ലെന്ന് കാണിച്ചു നൽകിയ റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിച്ചതല്ലാതെ, കുടിവെള്ളം ഉപയോഗയോഗ്യമല്ലാത്തത് സംബന്ധിച്ചോ, ഏതു വിധേന ഉപയോഗയോഗ്യമാക്കണം എന്നത് സംബന്ധിച്ചോ റിപ്പോർട്ട് ജെ.എച്ച്.ഐ പഞ്ചായത്തിൽ നൽകിയതായി കാണുന്നില്ല.

കുടിവെള്ളം ഉപയോഗയോഗ്യമല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടും അതേ കരാറുകാരന്റെ കുടിവെള്ളം തന്നെ വിതരണത്തിനായി അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. ആയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച വിശദീകരണം ബന്ധപ്പെട്ട ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നു കൂടി

ലഭ്യമാക്കേണ്ടതാണ്.

1-16 ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

21-22 ൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ ലൈഫ് പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രൊജക്ടുകളിൽ വന്ന ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം- 100/21-22 .ലൈഫ്. SC

അടങ്കൽ- 5200000

ചെലവ് തുക- 3576948

ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

| ഗുണഭോക്താക്കൾ | കൈപ്പറ്റിയ ഗഡു | അവസാന ഗഡു കൈപറ്റിയ തിയ്യതി |
|---|---|---|
| വിശ്വനാഥൻ/വാർഡ്.4 | 300000 | 25-9-22 |
| ഗീത / വാർഡ്.4 | 300000 | 30.9.22 |
| ജാനകി ഭാസ്കരൻ/വാർഡ്.4 | 300000 | 6.10.22 |
| കമല/വാർഡ്.15 | 300000 | 19.2.22 |
| ലീല മാധവൻ/വാർഡ്.14 | 300000 | 25.11.22 |
| ധന്യ ബാബു/വാർഡ്.9 | 200000 | 6.12.22 |
| മിനിമോൾ/ വാർഡ്.9 | 300000 | 31.10.22 |
| ലീല /വാർഡ്.10 | 300000 | 19.2.22 |
| സുരേഷ്ബാബു./വാർഡ്.11 | 200000 | 15.12.22 |
| മഹിത ഷനോദ്. /വാർഡ്. 9 | 200000 | 2.12.22 |
| നിഷ. /വാർഡ്.10 | 300000 | 30.11.22 |
| ഹർഷ / വാർഡ്.16 | 40000 | 21.3.22 |

പ്രൊജക്ട്നം -104. ലൈഫ്. ജനറൽ

അടങ്കൽ -20400000

ചെലവ്തുക- 4807039

നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ

| ഗുണഭോക്താക്കൾ | കൈപ്പറ്റിയ ഗഡു | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി |
|---|---|---|
| ഉമൈബ /വാർഡ്.9 | 300000 | 16-3-22 |
| വിജയൻ /വാർഡ്. 12 | 200000 | 28-12-22 |
| സുബൈദ/വാർഡ്. 13 | 300000 | 9.12.22 |
| ഫാത്തിമ/വാർഡ്. 13 | 200000 | 8.12.22 |

നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-17 വ്യത്യസ്ത റോഡ് പ്രവൃത്തികൾക്ക് ഒരേ എസ്റ്റിമേറ്റ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയ വിവിധ റോഡ് പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എല്ലാ റോഡുകൾക്കും ഒരേ നീളത്തിലും അളവിലുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം | എസ്റ്റിമേറ്റ് വിശദാംശം |
|---|---|---|
| വെള്ളരിച്ചാൽ ഇരുന്നംകുഴി റോഡ്, 148/22<br>പുതുപ്പറമ്പിൽപടി പുരയിടത്തിൽപടി റോഡ്, 154/22<br>മുത്തപ്പൻപുഴ തേൻപാറ ക്രോസ് റോഡ്, 138/22<br>പയ്യടിമുക്ക് കുളക്കടവ് റോഡ്, 150/22 | 3,00,000/- ധനകാര്യക മ്മീഷൻ ഗ്രാന്റ് | 1. 3.15.2 – Compacting Original Ground 63x3x0.15=28.35m$^3$ @50.31 =1426.29/-<br>2. 4.1.A.1 – Granular Subbase With Well Graded Material 63x3x0.10=18.9m$^3$ @2619.95=49517.05/-<br>3. 75.8.1 – Pcc 1:2:4 – 63x3x0.15=28.35m$^3$ @7582.91=214975.5/-<br>GST – 31910.26<br>Lumsum – 2170.9<br>Total – 3,00,000/- |

മേൽ പ്രവൃത്തികളെല്ലാം ഷംസുദ്ദീൻ എന്ന കരാറുകാരൻ ഒരേ നിരക്കിൽ(28.6) ഏറ്റെടുത്ത് നടപ്പാക്കിയവയാണ്. ഓരോ പ്രവൃത്തികളും യഥാർത്ഥ ആവശ്യങ്ങൾ കണക്കിലെടുത്ത് നടപ്പാക്കണമെന്നിരിക്കെ ഒരേ നീളത്തിലും വീതിയിലും വിവിധയിടങ്ങളിലായി പ്രവൃത്തികൾ തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഗ്രാമസഭകളിലൂടെ ഉയർന്നു വരുന്ന യഥാർത്ഥ ആവശ്യങ്ങളാണ് പദ്ധതികളായി വാർഷിക പദ്ധതിയിൽ ഉൾപ്പെടേണ്ടത്. ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഫണ്ടുകളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കണമെന്നും, പദ്ധതികൾ സമഗ്രമായി മുഴുവൻ ആവശ്യകതയും ഉൾപ്പെടും വിധം തയ്യാറാക്കണമെന്നും സർക്കാർ നിർദ്ദേശമുണ്ടായിരിക്കെ ഇവ പരിഗണിക്കാതെ പദ്ധതികൾ തയ്യാറാക്കുന്നത് അഭിലഷണീയമല്ല. ഫണ്ടുകളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതികൾ സമഗ്രമായി മാത്രം വിഭാവനം ചെയ്യേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-18 മതിയായ വിശകലനമില്ലാതെ ആദ്യസിംഗിൾ ടെണ്ടർ നിരസിച്ചു - പഞ്ചായത്തിന് അധിക ചെലവിനു കാരണമായി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ "പാമ്പിഴഞ്ഞപ്പാറ കൊഴപ്പയിൽ കപ്പച്ചാലിൽപ്പടി റോഡ്" പ്രവൃത്തിയ്ക്കായി 28.09.21 ന് ടെണ്ടർ നടത്തിയപ്പോൾ സിംഗിൾ ടെണ്ടറാണ് ലഭിച്ചത്. ഷിജിൽ.എം.യു. എന്ന കരാറുകാരൻ 10.9% കുറഞ്ഞ നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ സിംഗിൾ

ടെണ്ടറായതിനാൽ റീടെണ്ടർ ചെയ്യാമെന്ന എഞ്ചിനീയറുടെ ശുപാർശ ഭരണസമിതി അംഗീകരിച്ചു(7.10.21ലെ തീരുമാനം 3). തുടർന്ന് 22.12.21ന് റീടെണ്ടർ ചെയ്തു. ഇതിലും സിംഗിൾ ടെണ്ടർ മാത്രമാണ് ലഭിച്ചത്. സലീം.കെ. എന്നയാൾ 2.1% കുറവ് നിരക്കാണ് ക്വാട്ട് ചെയ്തിരുന്നത്. ഈ ടെണ്ടർ സിംഗിൾ ടെണ്ടറാണെങ്കിലും അംഗീകരിക്കാവുന്നതാണെന്ന് എഞ്ചിനീയർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30.12.21 ലെ തീരുമാനം 6/1 പ്രകാരം ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തു.

സർക്കാർ ഉത്തരവ് (പി)324/2015/Fin, തിയ്യതി 30.7.2015 ൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ലഭിക്കുന്ന സിംഗിൾ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4(b) പ്രകാരം ഇത്തരത്തിൽ സിംഗിൾ ടെണ്ടർ ലഭിച്ചാൽ ഒന്നുകിൽ റീടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ കാലയളവ് 15 ദിവസം കൂട്ടി നൽകി കൂടുതൽ ടെണ്ടർ ലഭ്യമാകാനുള്ള സാധ്യത പരിശോധിക്കാവുന്നതുമാണ്. റീടെണ്ടർ ചെയ്യാനാണ് തീരുമാനിക്കുന്നതെങ്കിൽ അതിനു മുമ്പായി ടെൻഡർ ക്ഷണിക്കുന്ന അതോറിറ്റി ആദ്യടെണ്ടറിൽ വേണ്ടത്ര ടെണ്ടർ ലഭിക്കാത്തതിന്റെ കാരണം(ങ്ങൾ) വിശകലനം ചെയ്യുകയും യഥാർത്ഥ ടെൻഡറിന്റെ നിബന്ധനകളിൽ ഏതെങ്കിലും നിയന്ത്രിത ക്ലോസുകൾ/ വ്യവസ്ഥകൾ ഉണ്ടായിരുന്നോയെന്ന് പരിശോധിക്കേണ്ടതുമാണ്. റീടെണ്ടറിന് വേണ്ടത്ര പബ്ലിസിറ്റി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, കരാറുകാർക്ക് ഇ-മെയിൽ മുഖേനയോ എസ്.എം.എസ് മുഖേനയോ അറിയിപ്പുകൾ നൽകാവുന്നതുമാണ്. റീടെണ്ടറിലും സിംഗിൾ ടെണ്ടർ ലഭിക്കുകയാണെങ്കിൽ ആയതിന്മേൽ ഭരണസമിതി അന്തിമ തീരുമാനം എടുക്കുന്നതിനു മുമ്പ് ന്യായമായതും മതിയായതുമായ നിരക്കിന്റെ മത്സരം ഉണ്ടായിട്ടുണ്ടെന്ന ടെണ്ടറിന്റെ അടിസ്ഥാന ലക്ഷ്യം ഉറപ്പാക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വിവരിക്കുന്നു.

എന്നാൽ ആദ്യ ഖണ്ഡികയിൽ വിവരിച്ച പ്രകാരം ആദ്യ ടെണ്ടർ 10.9% കുറവായിരുന്നിട്ടും ആയത് പരിഗണിക്കാതെ, അല്ലെങ്കിൽ ടെണ്ടർ സമയം നീട്ടി നൽകി കൂടുതൽ പങ്കാളിത്തത്തിന് ശ്രമിക്കാതെ റീ-ടെണ്ടറിന് തീരുമാനമെടുത്തതിന്റെ കാരണം വ്യക്തമല്ല. റീ-ടെണ്ടർ നടത്തിയാൽ ഇതിലും താഴ്ന്ന ടെണ്ടർ കുറവു ലഭിക്കുമായിരുന്നോയെന്ന വിശകലനം നടത്തിയിരുന്നോയെന്നും, റീ ടെണ്ടറിൽ സിംഗിൾ ടെണ്ടറായി 2.1% കുറവ് നിരക്ക് ലഭിച്ചപ്പോൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വിധമുള്ള നിരക്കിന്റെ/വിലയുടെ ന്യായം ഉറപ്പാക്കിയത് പ്രകാരമാണെന്നും വ്യക്തതയില്ല. റീടെണ്ടറിൽ പരമാവധി പരസ്യം ഉറപ്പാക്കിയത് എപ്രകരമാണെന്ന വിവരം പരിശോധിക്കാൻ ടെണ്ടർ വിശദാംശങ്ങൾ ലഭ്യമായില്ല.

റീ ടെണ്ടർ വിവരങ്ങൾ ഭരണസമിതിയ്ക്ക് സമർപ്പിച്ചപ്പോൾ ഈ പ്രവൃത്തിയ്ക്ക് ആദ്യ ടെണ്ടറിൽ കുറവ് നിരക്ക് ലഭിച്ച കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. ആദ്യ ടെണ്ടറിനു നൽകിയതിനേക്കാൾ കൂടുതൽ പരസ്യം ഉറപ്പാക്കിയിരുന്നോയെന്ന് പരിശോധിക്കുന്നതിന് ആദ്യ ടെണ്ടറും, റീടെണ്ടറും ഏതൊക്കെ ദിനപത്രങ്ങളിലാണ് പരസ്യപ്പെടുത്തിയിരുന്നെന്ന വിവരം ലഭിച്ചില്ല.

ഈ പ്രവൃത്തി ആദ്യ കരാറുകാരനെ ഏൽപ്പിച്ചിരുന്നെങ്കിൽ 8.8% ന്റെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. ശരിയായ വിശകലനമില്ലാതെ റീവടെണ്ടർ നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, ഭാവിയിൽ ടെണ്ടർ നടപടികളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

1-19 തെരുവ് വിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2021-22 വർഷം 290/21-22 നമ്പർ പ്രൊജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 306 പോസ്റ്റുകളിൽ (നോർമ്മൽ 224, ഓട്ടോമാറ്റിക്-82) എൽ.ഇ.ഡി ലൈറ്റുകൾ കെൽട്രോൺ സ്ഥാപിക്കുകയും 719879/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ

1. പഞ്ചായത്തിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, പ്രവർത്തനക്ഷമമായവ എത്രയെന്നോ സംബന്ധിച്ച ഒരു രേഖയും സൂക്ഷിച്ചിട്ടില്ല.

2. 306 പുതിയ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിന് കെൽട്രോണിന് നൽകിയ തുക, അനുബന്ധ ഉപകരണങ്ങൾ, ബെൻഡ്, ക്ലാമ്പ്, ബോൾട്ട്, നട്ട്, കേബിൾ, ഇൻസ്റ്റലേഷൻ ഉൾപ്പെടെയാണ്. ഈ പോസ്റ്റുകളിൽ ഉണ്ടായിരുന്ന പഴയ ഉപകരണങ്ങൾ സംബന്ധിച്ച വിവരം ലഭ്യമല്ല.
3. പുതിയ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. പുതിയ ലൈറ്റുകൾ സ്ഥാപിച്ച ലിസ്റ്റിലെ 180 മുതൽ 187 വരെ 8 എണ്ണം പോസ്റ്റുകൾക്കും, 235 മുതൽ 240 വരെ 6 എണ്ണം പോസ്റ്റുകൾക്കും നമ്പർ നൽകിയതായി കാണുന്നില്ല.
5. പദ്ധതി നിർവ്വഹണത്തിൽ കെ.എസ്.ഇ.ബി.യുടെ അനുമതി സൂപ്പർ വിഷൻ എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമല്ല.
6. തെരുവ് വിളക്കുകളുടെ പരാതി/പരിപാലന രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഓഡിറ്റ് ഹാജരാക്കേണ്ടതുമാണ്.

## 1-20 ജാഗ്രതാസമിതി കൗൺസിലർക്ക് ഹോണറേറിയം നൽകൽ .പദ്ധതിനടപ്പിലെ അപാകതകൾ

പ്രോജക്റ്റ്നം . 40/21-22.

അടങ്കൽ തുക . 151000

ചെലവ് തുക . 115762

മേൽ സൂചിപ്പിച്ച പ്രോജക്ട് പ്രകാരം പഞ്ചായത്തിൽ 19.7.2021 ലെ 3/3 തീരുമാനപ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങളും കൗൺസിലിംഗ് നൽകലും എന്ന പദ്ധതിയുടെ ഭാഗമായി

കൗൺസിലറെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് താഴെ പറയുന്ന തരത്തിൽ ഹോണറേറിയം നൽകിയിട്ടുണ്ട്.

| | |
|---|---|
| 9/21 മുതൽ 15/3/22 വരെ | 14000*7= 98000 |
| 15/3/22 മുതൽ 31/3/22 വരെ | 13096, |
| 22/7/21 മുതൽ 31/7/21 വരെ | 4666 |

ഫയൽ പരിശോധിച്ചതിൽ നിന്നും കൗൺസിലറുടെ പ്രവർത്തന റിപ്പോർട്ട് ബില്ലിനൊപ്പം ഹാജരാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ ഓരോ മാസത്തെയും പ്രവർത്തനം സംബന്ധിച്ചുള്ള രേഖകളില്ല. ജാഗ്രതാ സമിതി മീറ്റിംഗ് മിനുട്സ് പരിശോധിച്ചതിൽ 21-22 കാലയളവിൽ രണ്ടു തവണയാണ് മീറ്റിംഗ് കൂടിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള രേഖകൾ ഹാജരാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-21 വീട് വാസയോഗ്യമാക്കൽ - പ്രവർത്തി പൂർത്തീകരിച്ചില്ല.

വീട് വാസയോഗ്യമാക്കുന്നതിനായി 19-20 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി (പ്രോജക്ട് നം 20), വാർഡ് നം 14 ൽ ശ്രീ സെബാസ്റ്റ്യൻ, എന്നവർക്ക് ധനസഹായം 25000/രൂപ 20.1.20 രൂപ അനുവദിച്ചിരുന്നു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 7.3.22 ന് സെക്രട്ടറിയ്ക്ക് നൽകിയ അപേക്ഷയിൽ രണ്ടുവർഷമായി പദ്ധതി സ്പിൽ ഓവറായി തുടരുകയാണെന്നും ഗുണഭോക്താവിന്റെ നിരുത്തരവാദപരമായ ഈ നടപടി കാരണം പഞ്ചായത്തിന് പദ്ധതി പൂർത്തീകരിച്ചതായി കാണിക്കാൻ സാധിക്കുന്നില്ല എന്നും അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുക തിരിച്ചടച്ചക്കാൻ ആവശ്യപ്പെടണമെന്നും ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് കാലയളവ് വരെ ധനസഹായം ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കുകയോ ആയതിന്റെ

അടിസ്ഥാനത്തിൽ രണ്ടാം ഗഡു ധനസഹായത്തിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. 21-22 ൽ 181-ാം നമ്പർ പ്രോജക്ടിൽ 25000/ രൂപ അടങ്കലിൽ പദ്ധതി രൂപീകരിച്ചതിൽ ചെലവ് വന്നിട്ടില്ല.

അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അഡ്വാൻസായി നൽകിയ തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-22 സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ

2021-22 വർഷത്തെ പ്രൊജക്ട് നമ്പർ 261/21-22 പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 9 സോളാർ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുകയും ആയതിന് 449991/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ

1. കെൽട്രോണിന്റെ 3 പ്രൊപ്പോസലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. മൂന്നിലും സോളാർ സ്ട്രീറ്റ് ലൈറ്റിന്റെ വിലയും ജി.എസ്.ടി. റേറ്റും വ്യത്യാസപ്പെട്ടിരിക്കുന്നു. 2 പ്രൊപ്പോസലുകളിൽ, 5ശതമാനം ജി.എസ്.ടി. യും 1 പ്രൊപ്പോസലിൽ, 12ശതമാനം ജി.എസ്.ടി. യും കാണിച്ചിരിക്കുന്നു. യഥാർത്ഥ ജി.എസ്.ടി. എത്രയാണെന്ന് കെൽട്രോണിൽ നിന്നും രേഖ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ബിൽ പ്രകാരം കെൽട്രോൺ ഈടാക്കിയിരിക്കുന്നത് 12 ശതമാനം ജി.എസ്.ടി. ആണ്.
2. ഓരോ സ്ട്രീറ്റ് ലൈറ്റും പ്രത്യേകം നമ്പറിട്ട് സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.
3. പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യുടെ അനുമതി/സൂപ്പർവിഷൻ സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ ഓഡിറ്റ് ഹാജരാക്കേണ്ടതുമാണ്.

## 1-23 പ്രവൃത്തിയുടെ സ്വഭാവം മുഴുവനായി മാറ്റിയപ്പോഴും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പ്രവൃത്തി നടത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ 179/22 അമ്പലപ്പാറ ശ്രീകൃഷ്ണക്ഷേത്രം റോഡ് സൈഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയിൽ ചെയിനേജ് 0/206 മുതൽ 0/800 വരെയുള്ള ഭാഗങ്ങളിൽ മണ്ണെടുത്ത് മാറ്റി ഐറിഷ് ഡ്രൈൻ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. പ്രവൃത്തി ടെണ്ടർ നടത്തി മണി.കെ എന്ന കരാറുകാരനെ ഏൽപ്പിച്ച് 25.2.21ന് കരാർ ചമച്ചു. എന്നാൽ 30.6.21 ലെ 3(4) നമ്പർ തീരുമാന പ്രകാരം പ്രസ്തുത റോഡിന് ജില്ലാപഞ്ചായത്ത് ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് വച്ചിട്ടുള്ളതിനാൽ ഐറിഷ് ഡ്രൈനിനു പകരമായി അനിവാര്യമായ സ്ഥലത്തു സിമന്റ് കോൺക്രീറ്റ് ഡ്രൈനും, വീടുകളിലേയ്ക്ക് കയറുന്നതിന് കവറിംഗ് സ്ലാബ് ചെയ്യുന്നതിനുമായി തീരുമാനിച്ചു. മൂന്നിനങ്ങൾ മാത്രം ഉൾപ്പെടുത്തി തയ്യാറാക്കിയ ആദ്യ എസ്റ്റിമേറ്റ് ആറോളം എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ ശേഷം പദ്ധതി നടപ്പാക്കി.

2012 ലെ കേരള പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം ഒരു പ്രവൃത്തിക്കായി സാങ്കേതികാനുമതി ലഭിച്ച ശേഷം പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രവൃത്തിയിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടാൽ ആദ്യ എസ്റ്റിമേറ്റ് റദ്ദ് ചെയ്ത് പുതിയ എസ്റ്റിമേറ്റ് (റീകാസ്റ്റ് എസ്റ്റിമേറ്റ്) തയ്യാറാക്കേണ്ടതും, ഈ എസ്റ്റിമേറ്റ് ആദ്യ എസ്റ്റിമേറ്റ് പോലെ കണക്കാക്കേണ്ടതുമാണ്. മേൽ പദ്ധതിയിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ മാറ്റങ്ങൾ മനസ്സിലാക്കിയിട്ടും, പ്രവൃത്തിയുടെ സ്വഭാവത്തിൽ അടിമുടി മാറ്റമുണ്ടായിട്ടും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാതെ പുതുക്കി നടപ്പാക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട റോഡിന്റെ നിർമ്മാണത്തിന് ജില്ലാപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ അറിവോടെയായിരിക്കും എന്നിരിക്കെ, അതേ റോഡിൽ

ഗ്രാമപഞ്ചായത്ത് അതേ പ്രവൃത്തികൾ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും, പ്രവൃത്തി ആരംഭത്തിനു മുമ്പേ മാറ്റങ്ങൾ മനസ്സിലാക്കിയിട്ടും എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതും വിശദീകരിക്കേണ്ടതാണ്.

1-24 പോഷകാഹാരവിതരണം .മോണിറ്ററിംഗ് ഫലപ്രദമല്ല.

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 27 അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിന്റെ ഭാഗമായി 21-22 സാമ്പത്തിക വർഷം താഴെ ചേർക്കുംപ്രകാരം ചെലവ് വന്നിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 9/21-22 പോഷകാഹാര പദ്ധതി. | 4320647 | 4320647 |

പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) 7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ മോണിറ്ററിംഗിനെ കുറിച്ച് പ്രതിപാദിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമല്ല. മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-25 കാർഷിക വിള സംരക്ഷണത്തിന് സൗരോർജ്ജ വേലി നിർമ്മാണം

പ്രൊജക്ട് നമ്പർ 226/21-22 പ്രകാരം കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിൽ 4,00,000/- രൂപ ഇൻകെൽ ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിന് 30.03.2022 ന് കൈമാറിയിട്ടുണ്ട്. സൗരോർജ്ജ വേലി നിർമ്മാണം, കമ്പനിയുടെ തന്നെ റിപ്പോർട്ട് പ്രകാരം പൂർത്തിയാക്കിയിരിക്കുന്നത് 16.12.2022 നാണ്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന രേഖകൾ ലഭ്യമല്ല.

1. ഇൻകെൽ ലിമിറ്റഡ് എന്ന കമ്പനി അക്രഡിറ്റഡ് ഏജൻസിയാണെന്നുള്ളതിന്റെ ഉത്തരവ്
2. 4,00,000/- രൂപ കമ്പനിക്ക് നൽകുമ്പോൾ പ്രസ്തുത മൂല്യത്തിനുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖ.

രേഖകൾ ഓഡിറ്റ് ഹാജരാക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ്.

1-26 ശിശുസൗഹൃത അങ്കൺവാടികൾ - പദ്ധതിനടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം 42/21-22

അടങ്കൽ -325000

ചെലവ് തുക -324748

ബിൽ നം - 19/14.3.22

-18/14.3.22

അങ്കണവാടികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ നിർവ്വണത്തിൽ നടപ്പിലാക്കിയ മേൽപറഞ്ഞ പ്രൊജക്ടിൽ ഉൾപ്പെടുത്തി ആകെ 3,24,748/- രൂപ ചെലവഴിച്ച് 4 അങ്കണവാടികളിലേക്ക് (സെന്റർ നം 35, 42, 40, 56) ഫർണ്ണിച്ചറുകളും കളിയുപകരണങ്ങളും മറ്റ് വസ്തുക്കളും വാങ്ങി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 27 അങ്കണവാടികളിൽ ഏതൊക്കെ അങ്കണവാടികൾ ക്രാഡിൽ അങ്കണവാടികളാക്കി മാറ്റണമെന്നത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. നാല് അങ്കണവാടികളിലെയും ചുമരുകൾ പെയിന്റ് ചെയ്യുന്നതിന് വിസ്തീർണ്ണ വത്യാസം കണക്കിലെടുക്കാതെ ആർട്ട്കോയ്ക്ക് ഒരേ തുകയാണ് നൽകിയിരിക്കുന്നത്
3. 4*19500=78000

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമല്ല. അപാകതകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 അധിക നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വാർഡ് 13 ൽ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ.ജേക്കബ് സെബാസ്റ്റ്യൻ, മിനി ജോർജ്, ഷാജി എന്നിവർക്ക് ബി.എൽ 206/19-20 നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിരുന്നു. പ്രസ്തുത പെർമിറ്റ് പ്രകാരം ഗ്രൗണ്ട് ഫ്ലോർ 350.30 M2, ഒന്നാം നില 462.20 M2, രണ്ടാം നില 19.24 M2 എന്നിങ്ങനെ ആകെ 831.74 M2 വിസ്തീർണ്ണമുള്ള കെട്ടിടത്തിനാണ് പെർമിറ്റ് അനുവദിച്ചത്. എന്നാൽ പൂർത്തീകരിച്ച കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ 317.15 M2, ഒന്നാം നില 396.07 M2, രണ്ടാം നില 277.61 M2 എന്നിങ്ങനെ ആകെ 990.83 M2 വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിട്ടുള്ളത്. 159.09 M2 അധിക നിർമ്മാണം നടത്തിയിട്ടുണ്ട് എന്ന് 10.9.21 ന് എ.ഇ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധിക നിർമ്മാണം ക്രമവൽക്കരിച്ച് (1591 രൂപ) നമ്പർ നൽകി നികുതി ചുമത്തുന്നതിന് വാർഡ് ക്ലാർക്കിന് നൽകാവുന്നതാണെന്ന് 16.9.21 ന് സെക്ഷൻ ക്ലർക്ക് കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് സെക്രട്ടറി നേരിട്ട് പരിശോധിക്കുന്നതാണെന്ന് രേഖപ്പെടുത്തുകയും 30.9.21 ന് നേരിട്ട് പരിശോധിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം നമ്പർ നൽകുക എന്ന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 597 A, B, C, D, E, F, G, H എന്നിങ്ങനെ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. 159.09 M2 വിസ്തീർണ്ണമുള്ള അധിക നിർമ്മാണത്തിന് 159.09 X 20=3182 രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു. എന്നാൽ അധിക നിർമ്മാണത്തിന് നിയമാനുസൃതമായുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല. അധിക നിർമ്മാണത്തിന് ഫീസ് ഈടാക്കാത്തതിന് മറുപടി നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക നിർമ്മാണത്തിന് 3182 രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - ഫോംവർക്കിന് തുക നൽകിയതിനാൽ അധിക ചെലവ്

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ് ഡ്രൈനേജുകളുടെ പ്രവൃത്തികളിൽ ഡ്രൈനിന്റെ അടിയിൽ കോൺക്രീറ്റ് ബെഡ് നൽകുന്നതിനായി ഉൾപ്പെടുത്തിയത് മോർഡിലെ 11.4.1.1 എന്നയിനമാണ്. ഈയിനത്തിന്റെ വിശദമായ ഡാറ്റ പരിശോധിച്ചാൽ കോൺക്രീറ്റിനായി നൽകേണ്ടി വരുന്ന 4% ഫോം വർക്കിന്റെ തുക കൂടി ഉൾപ്പെട്ടതാണ് ഈയിനത്തിന്റെ നിരക്ക് എന്ന് കാണാം. ഓഡിറ്റ് വർഷം നടത്തിയ ഇത്തരം പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പരിശോധിച്ചതിൽ ഡ്രൈനിനായി മണ്ണെടുക്കുന്ന അതേ വീതിയിൽ തന്നെ കോൺക്രീറ്റ് ബെഡ് നൽകുകയാണ് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാണ്. ഇത്തരത്തിൽ മണ്ണെടുത്ത അതേ വീതിയിൽ കോൺക്രീറ്റ് നൽകുമ്പോൾ ഫോം വർക്കിന്റെ ആവശ്യം ഉണ്ടാകുന്നില്ല. എന്നാൽ ഈ സാഹചര്യത്തിലും ഫോം വർക്കിനുള്ള തുക കൂടി കരാറുകാർക്ക് നൽകിയിരിക്കുന്നു. ഒരുദാഹരണം ചുവടെ കൊടുക്കുന്നു,

| പ്രോജക്ട് പേര്/നമ്പർ | എസ്റ്റിമേറ്റിലെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് 36.44%) | | ചെയ്ത അളവ്/ നിരക്ക് | ഫോംവർക്ക് ഒഴിവാക്കി നൽകാവുന്ന തുക( 7540.1) | അധികം നൽകിയത് |
|---|---|---|---|---|---|
| പുല്ലൂരാംപാറ കൊടക്കാട്ടുപാറ മേലെ പൊന്നാങ്കയം ആദിവാസി കോളനി റോഡ്, 291/22 | 7841.67 | 4567.18+182.69(4% Formwork)=4749.86 +10%OH+10%CP+ 36.44% Cost Index =7841.67 | $46m^3$ X6900 (12.01%below)= 317400 | 6634.53(12.01% Of 7540.1)x46= 305188.38 | 12211.62/- |

മുകളിൽ വിവരിച്ച പ്രകാരം ചെയ്യാത്ത ഫോംവർക്കിന് തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ പ്രവൃത്തിയിൽ അധികമായി നൽകിയ 12212/-രൂപ ഈടാക്കി അറിയിക്കേണ്ടതും, ഈ വിധത്തിൽ മറ്റു പ്രവൃത്തികളിൽ അധികചെലവുണ്ടായിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം കോൺക്രീറ്റ് പ്രവൃത്തികൾക്കായി ഇനം തെരെഞ്ഞെടുക്കുമ്പോൾ ആവശ്യകതയുള്ള അളവുകളിൽ മാത്രം ഫോംവർക്കിന് അധിക തുക ഉൾപ്പെടുത്തേണ്ടതും, അല്ലാത്തവയ്ക്ക് ഈ തുക ഒഴിവാക്കി ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നടത്തേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | |
|---|---|---|
| 2020-21 | 09-01-2023 - 17.01.2023 | ഈ റിപ്പോർട്ടിന്റെ അതേ നമ്പറും തീയതിയും |

4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | സൗരോർജ്ജവേലി നിർമ്മാണം | 200000 | 0 |
| | 2021-22 | 337000 | ലൈഫ്ഭൂമി വാങ്ങൽ (എസ്.സി) | 337000 | 0 |
| | 2021-22 | 1118052 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 500000 | 618052 |
| | 2021-22 | 3094300 | ലൈഫ്ഭവനപദ്ധതി ( ജനറൽ) | 1200000 | 1894300 |
| | 2021-22 | 100000 | പോഷകാഹാര പരിപാടി | 100000 | 0 |
| | 2021-22 | 500000 | ഭിന്നശേഷി സ്കോളർഷിപ്പ് | 500000 | 0 |
| | 2021-22 | 600000 | മിൽക്ക് ഇൻസെന്റീവ് (വനിത) | 600000 | 0 |
| | 2021-22 | 400000 | മിൽക്ക് ഇൻസെന്റീവ് | 400000 | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 200000 | സൗരോർജ്ജവേലി നിർമ്മാണം | 200000 | 0 |
| | 2021-22 | 450000 | പശുഗ്രാമം (വനിത) | 450000 | 0 |
| | 2021-22 | 120000 | മുട്ടഗ്രാമം(വനിത) | 120000 | 0 |
| | 2021-22 | 400000 | ലൈഫ്ഭൂമി വാങ്ങൽ (എസ്.സി) | 50000 | 350000 |
| | 2021-22 | 1000000 | ലൈഫ് | 980000 | 20000 |

| | | | | | |
|---|---|---|---|---|---|
| | | | ഭവനപദ്ധതി (എസ്.സി) | | |
| | 2021-22 | 1500000 | മിൽക്ക് ഇൻസെന്റീവ് (വനിത) | 983226 | 516774 |
| | 2021-22 | 1100000 | മിൽക്ക് ഇൻസെന്റീവ് | 1100000 | 0 |
| | 2021-22 | 500000 | ഭിന്നശേഷി സ്കോളർഷിപ്പ് | 150600 | 349400 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മറിയപ്പുറം മതിച്ചിപറമ്പിൽ പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 42101522/31.3.22 | 130000 | 0 | 130000 |
| കേരള വാട്ടർ അതോറിറ്റി | മറിയപ്പുറം മതിച്ചിപറമ്പിൽ പടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- അധിക വിഹിതം നൽകൽ | 42101526/31.3.22 | 41000 | 0 | 41000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ.(എം. എസ്.)/ 68/2018/ 18-05-2018 | 3735498 | 535333 | 0 | 3200165 |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2010-11 | 2-5(2) | 2500 | മാനേജർ, കെ. എസ്.എഫ്.ഇ, തിരുവമ്പാടി | 1210101232 തീ.19/07/2021 |
| 1999-00 | 40 | 804 | സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | 1210104095 തീ.11/11/2021 |
| 2007-08 | 2-13 | 150 | ശംഭു | 1210104096 തീ.11/11/2021 |
| 2007-08 | 3-34 | 954 | സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | 1210104627 തീ.25/11/2021 |
| 2019-20 | 1-11 | 2500 | ജെ.ജെ.ബേക്കേഴ്സ് | 1210106519 തീ.17/01/2022 |
| 2019-20 | 1-11 | 2500 | മാനേജർ, ഫെഡറൽ ബാങ്ക്,തിരുവമ്പാടി | 1210106652 തീ.20/01/2022 |
| 2019-20 | 1-11 | 2500 | ആൽഫ അക്കാദമി | 1210107913 |

| | | | | |
|---|---|---|---|---|
| | | | | തീ.07/03/2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 11.5 | വായ്പ കുടിശ്ശിക | ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി |
| 2000-01 | 29 | 2003-04 | 11.13.7.19 | നികുതി പിരിവിൽ അലംഭാവം | - |
| 2001-02 | 3-1 | 2005-06 | 2.70.1.9.11 | തൊഴിൽ രഹിത വേതനം - അപേക്ഷകൾ തീർപ്പാക്കിയില്ല | ഒഴിവാക്കാൻ ശുപാർശ |
| | | 2014-15 | 5.7.2 | ക്ഷീരവികസന മേഖല - ചെലവ് തൃപ്തികരമല്ല | |
| | | 2014-15 | 5.7.3 | പദ്ധതി നടത്തിപ്പിൽ പിന്നിൽ | |
| | | 2014-15 | 5.7.6 | മൃഗസംരക്ഷണം- കർമ്മസമിതി | |

| | | | | | |
|---|---|---|---|---|---|
| | | | | രൂപീകരിച്ചില്ല | |
| | | 2014-15 | 5.7.8 | തൊഴുത്ത് നിർമ്മാണം – തുക ചെലവഴിച്ചില്ല | |
| | | 2014-15 | 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാകുന്നതിൽ കാലതാമസം | |
| | | 2015-16 | 4.2.2 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം -4 | തൊഴിൽനികുതി – അപാകതകൾ | |
| 2015-16 | 3-17 | 2016-17 | 4.2.1 | പുറമ്പോക്കുകൾ | |
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി – അപാകതകൾ | |
| 2016-17 | 2-2 | 2017-18 | 1.11.5 | വസ്തുനികുതിയിൽ നഷ്ടം | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്** | 104746060 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്** | 100770731 |
| വരവിനങ്ങളിലുള്ള നഷ്ടം | 3182 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12212 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3182 | - | ബിബിൻ ജോസഫ് , സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് |
| 3-1 | - | 12212 | ശ്രീ. അഷ്റഫ് കല്ലടയിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിബിൻ ജോസഫ് സെക്രട്ടറി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | ഇടയപ്പുരക്കൽ വീട്, തിരുവമ്പാടി പി.ഒ, കോഴിക്കോട്, 673603 |
| ശ്രീ. അഷ്റഫ് കല്ലടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവമ്പാടി ഗ്രാമപഞ്ചായത്ത് | കല്ലടയിൽ വീട്, കക്കാട്, കോഴിക്കോട്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 1988-89<br>1989-90 | കെ.എസ്.എ.കെ.കെ.ഡി. പി1/837/2018/05.05.18 | 1 | 17 |
| 1990-91<br>1991-92 | കെ.എസ്.എ.കെ.കെ.ഡി. പി1 837/201/05.05.18 | 1 | 5 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 4 | 33,40,50,51 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/05.05.18 | 1 | 13(b) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/05.05.18 | 2 | 30,35(2) |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 8 | 2-1, 3-1,3-2, 3-11 3-13, 3-14, 3-18, 3-20 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 3 | 3-1,4-3, 4-4 |

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-3 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 1 | 3-12 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/05.05.18 | 10 | 2-6, 2-8, 2-9, 3-4, 3-9, 3-12, 3-13, 3-14,3-15, 3-16 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/ 05.05.18 | 15 | 2-3(4), 2-13, 3-4, 3-8, 3-9, 3-10, 3-12,3-13, 3-14, 3-16,3-17, 3-25, 3-26, 3-30, 3-34 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/837/ 2018/ 05.05.18 | 7 | 3-2,3-3, 3-5, 3-7, 3-10,3-11, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/837/ 2018/ 05.05.18 | 4 | 3-1,3-2,3-3, 3-4 |
| 2010-11 | കെ.എസ്.എ കെ.കെ.ഡി.പി2/960/ 19/07-12-2020 | 3 | 2-4(2), 3-1, 3-6, |
| 2011-12 | കെ.എസ്.എ കെ.കെ.ഡി. പി2/960/ 19/03-12-2020 | 1 | 2-2, |
| 2012-13 2013-14 | കെ.എസ്.എ കെ.കെ.ഡി. പി2/960/ 19/30-11-2020 | 11 | 2-2, 3-1, 3-5, 3-8, 3-12, 3-13, 3-14, 3-15,3-17,3-20,3-30 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/1772/ 2016/23.04.2018 | 11 | 2-1,2-2(2), 3-1, 3-2(1),3-5,3-6, 3-7(1),(3), 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി1/549/ 2017/25.04.2018 | 16 | 2-1, 2-2, 2-5(1), 2-6(1), 3-4, (2), (3), (5), 3-5,3-8, 3-12, 3-13(2),(3),(4), (5), 3-17, 3-19 |
| 2016-17 | കെ.എസ്.എ കെ.കെ.ഡി. പി2/485/ 21/31-03-2021 | 14 | 2-1(1), (3),(5),(6),(7), 2-2, 2-4(1), 2-5(1), (2), 2-6,3-3, 3-7, 3-11,3-13, 3-15, 3-21,3-24, 3-26, 4-9 |
| 2017-18 | കെ.എസ്.എ .കെ.കെ.ഡി. പി1/100/19/ 9.5.2019 | 20 | 1-10, 1-12, 2-1, 2-3, 2-4(1),2-6 , 2-6(i), 3-4, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, |

| | | | |
|---|---|---|---|
| | | | 3-14, 3-16, 3-17, 3-19, 3-20 |
| 2018-19 | കെ.എസ്.എ കെ.കെ.ഡി. പി2/336/ 20/23-04-2020 | 31 | 1-5 മുതൽ 1-35 വരെ 3-1 മുതൽ 3-6 വരെ, 4-11 |
| 2019-20 | കെ.എസ്.എ കെ.കെ.ഡി. പി2/32/ 2022/22-01-2022 | 24 | 1-1 മുതൽ 1-24 വരെ |
| 2020-21 | കെ.എസ്.എ കെ.കെ.ഡി. പി2/1049/ 2022/16-07-2022 | 30 | 1-1 മുതൽ 1-28 വരെ, 3-1, 3-2, |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്